**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1308** **15-10-2026-ൽ മറുപടിയ്ക്ക്**

**റയിൽവേ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് റെയിൽവേയുടെ പാത ഇരട്ടിപ്പിക്കൽ ഉൾപ്പെടെയുള്ള വികസനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

**മറുപടി:** **ആലപ്പുഴ ജില്ല** – ആലപ്പുഴ ജില്ലയിൽ റെയിൽപാത ഇരട്ടിപ്പിക്കലിനായി 2 പദ്ധതികളാണ് നിലവിൽ ചെയ്തുവരുന്നത്. കുമ്പളം-തുറവൂർ റെയിൽപ്പാതക്കായി ചേർത്തല താലൂക്കിലെ എഴുപുന്ന, തുറവൂർ, അരൂർ, കുത്തിയതോട്, കോടംതുരുത്ത് വില്ലേജുകളിലായി 08.1919 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് 05/02/2026-ന് റെയിൽവേക്ക് കൈമാറിയിട്ടുള്ളതാണ്. കുമ്പളം-തുറവൂർ റെയിൽപ്പാത ഇരട്ടിപ്പിക്കൽ അധികഭൂമി ഏറ്റെടുക്കൽ കോടംതുരുത്ത്, കുത്തിയതോട് വില്ലേജുകളിലായി റെയിൽവേ ആവശ്യത്തിനായി 1.6389 ഹെക്ടർ അധികഭൂമി ഏറ്റെടുക്കുന്നതിന് 31-08-2026ലെ ജി.ഒ.(ആർ.റ്റി.) നം.1687/2026/ആർഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 4(1) വിജ്ഞാപനം 16/09/2026 തീയതിയിൽ പ്രസിദ്ധീകരിച്ചു. സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ കരട് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

**പാലക്കാട് ജില്ല** - പാലക്കാട് ജില്ലയിൽ റെയിൽവേ പാത ഇരട്ടിപ്പിനായി ഭൂമി ഏറ്റെടുക്കുന്നതിൽ ഷൊർണ്ണൂർ മുതൽ വള്ളത്തോൾ നഗർ വരെയുള്ള റെയിൽവേ പാച്ച് ഡബ്ളിംഗിനായുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതി നിലവിൽ നടന്നു വരുന്നുണ്ട്. മേൽ പദ്ധതിയിൽ RFCTLARR ആക്ട് 2013 പ്രകാരം 31/08/2026 തീയതിയിലെ 2362 നമ്പർ ഗസറ്റ് വിജ്ഞാപനം പ്രകാരം 11(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. തുടർന്ന് പദ്ധതിയിൽ സർവേ സബ്ഡിവിഷൻ നടപടികൾ പൂർത്തീകരിച്ച് വരുകയും, അടിസ്ഥാനവില നിർണ്ണയത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുകയുമാണ്.

**(ബി)** ആലപ്പുഴ പാത ഇരട്ടിപ്പിന് റെയിൽവേ അംഗീകാരം നൽകുകയും ടെൻഡർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടും റവന്യൂ വകുപ്പ് മുഖേനയുള്ള സ്ഥലമേറ്റെടുപ്പ് മന്ദഗതിയിലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ആലപ്പുഴ ജില്ലയിൽ ആലപ്പുഴ-അമ്പലപ്പുഴ, തുറവൂർ-മാരാരിക്കുളം, ആലപ്പുഴ-മാരാരിക്കുളം റീച്ചുകളിൽ റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി രണ്ട് പുതിയ എൽ.എ യൂണിറ്റുകളും, തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്

**(സി)** ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കാൻ നിയോഗിച്ചിരുന്ന ലാൻഡ് അക്വിസിഷൻ ടീമിനെ റെയിൽവേ ഭൂമിയേറ്റെടുക്കലിന് നിയോഗിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** ഇപ്പോൾ പരിഗണനയിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**